നം. ഇ.എസ്1-38827 /2019/ആ.വ.ഡ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി. 13/6/2019

# സർക്കുലർ

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – തസ്തികമാറ്റം വഴി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടി ആരോഗ്യവകുപ്പിലെ നിശ്ചിത യോഗ്യതയുളളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്-

സൂചന : ജി. ഒ. (പി) 76/2017/എച്ച്&ഡബ്ല്യൂ. ഡി, തീയതി, 12/12/2017

ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വേണ്ടിയുള്ള സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിലേക്കായി 01/11/2017 മുതൽ 31/05/2019 വരെ നിശ്ചിത യോഗ്യത നേടിയിട്ടുളള ലാസ്റ്റ് ഗ്രേഡ് (ജീവനക്കാർ/ഫീൽഡ് വർക്കേഴ്സ് (ധോബി/ബാർബർ/കുക്ക്/ടെയ്ലർ ഒഴികെയുളള) എന്നിവർ ഇതോടൊപ്പമുളള പ്രൊഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകളോടൊപ്പം സ്ഥാപന മേലധികാരികൾക്ക് 10/07/2019 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

## യോഗ്യത

1. ജനറൽ : പ്ലസ് ടു (സയൻസ്) വിജയം / തത്തുല്യ യോഗ്യത.
2. ടെക്നിക്കൽ : കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുളള ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (എച്ച്. ഐ. സി) ഡിപ്ലോമ
3. രജിസ്ട്രേഷൻ : കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

**കുറിപ്പ്**:1. നിലവിൽ 5 വർഷം സർവ്വീസ് ഉളളതും എസ്. എസ്. എൽ. സി, എസ്. ഐ. സി/എച്ച്. ഐ. സി യോഗ്യത ഉളളവരുമായ ജീവനക്കാരെ പ്ലസ് ടു/എച്ച്. ഐ. സി ഡിപ്ലോമ യോഗ്യതയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

2. 2008 ജൂലൈ 8 ന് സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നവരും 2010 ഡിസംബർ 31 ന് ആരോഗ്യ വകുപ്പിൽ ജോലി ഉളളവരുമായവരെയും പ്ലസ് ടു/ എച്ച്. ഐ. സി ഡിപ്ലോമ യോഗ്യതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ഈ സർക്കുലറും ഇതോടൊപ്പം ഉളളടക്കം ചെയ്തിട്ടുളള പ്രൊഫോർമയും അവരവരുടെ കീഴിലുളള എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചു കൊടുക്കേണ്ടതാണ്.

പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ പേരുൾപ്പെടുത്തേണ്ടവരുടെ അപേക്ഷയും പൂരിപ്പിച്ച പ്രൊഫോർമയും അനുബന്ധ രേഖകളും അവരവരുടെ സ്ഥാപന മേധാവികളിൽ നിന്നും ശേഖരിച്ച് അവയുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം 20/07/2019 ന് മുമ്പായി പ്രത്യേക ദൂതൻ മുഖേന ഈ ഓഫീസിൽ എത്തിച്ചു തരേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വെബ് സൈറ്റ് മുഖേന)
2. ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ/സ്റ്റോക്ക് ഫയൽ